പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3881 24-08-2017 ൽ മറുപടിക്ക്

## പ്രീ-മെട്രിക്/ പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ വികസനം

| | ചോദ്യം<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ വാർഡന്റെ ജോലി ആഴ്ചയിൽ ഏഴ് ദിവസം എന്ന നിശ്ചയിച്ചിരിക്കുന്നത് കുറച്ച് അവരുടെ ജോലി ഭാരം ലഘൂകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ജോലി ചെയ്യുന്ന വാർഡൻ തസ്തികയിലെ ജീവനക്കാർക്ക് ആഴ്ചയിൽ ഒരു ദിവസം നിലവിൽ വീക്കിലി ഓഫ് അനുവദിക്കുന്നുണ്ട്. ടി തസ്തികയിലെ ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് സഹായകരമാകുംവിധം ചില മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ആയമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | വകുപ്പിനുകീഴിനുള്ള ബോയ്സ് പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ മെയിൽ വാർഡൻ തസ്തികയും ഗേൾസ് പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഫീമെയിൽ വാർഡൻ തസ്തികയും അനുവദിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ ആയമാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | എല്ലാ ദിവസവും ഭൂരിഭാഗം സമയവും കുട്ടികൾ ഉണ്ടാകുന്ന ഹോസ്റ്റലുകളിൽ പി റ്റി എസ് തസ്തിക ഉയർത്തി എഫ് റ്റി എം ആക്കാനുള്ള നടപടി സ്വീകരിക്കുമോ; | (സി) | വിഷയം നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഡി) | അവധി ദിവസങ്ങളിൽ പകൽ സമയത്ത് ഹോസ്റ്റലുകളിൽ വാച്ച്മാൻമാരുടെ സേവനം ഉറപ്പുവരുത്തുമോ; | (ഡി) | അവധിദിവസങ്ങളിൽ പകൽ സമയത്ത് ഹോസ്റ്റലുകളിൽ വാച്ച്മാൻമാരുടെ സേവനം നിലവിൽ ലഭിക്കുന്നുണ്ട്. |
| (ഇ) | പട്ടിക ജാതി /വർഗ്ഗ വിഭാഗക്കാർക്കുള്ള വികസന പ്രവർത്തനങ്ങൾ, കോഴ്സുകൾ, തൊഴിൽ സാധ്യതകൾ, ഒഴിവുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട കുട്ടികളിൽ എത്തിക്കാൻ സാധിക്കുന്ന വിധത്തിലുള്ള മാഗസിനുകൾ, അറിയിപ്പുകൾ എന്നിവ പ്രസ്തുത ഹോസ്റ്റലുകളിൽ നല്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പട്ടികജാതി/ പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വിഭാഗങ്ങളിൽ എത്തിക്കുന്നതിന് വകുപ്പിന്റെ ബ്രോഷറുകൾ, കൈപ്പുസ്തകങ്ങൾ എന്നിവ തയ്യാറാക്കി നിലവിൽ വിതരണം ചെയ്തുവരുന്നുണ്ട്. കോഴ്സുകൾ, തൊഴിൽ സാധ്യതകൾ , ഒഴിവുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട കുട്ടികളിൽ എത്തിക്കാൻ സാധിക്കുന്ന വിധത്തിലുള്ള മാഗസിനുകൾ, അറിയിപ്പുകൾ എന്നിവ പ്രസ്തുത ഹോസ്റ്റലുകളിൽ നൽകുന്ന വിഷയം പരിശോധിച്ച് പ്രയോഗികമാ ണെങ്കിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ